**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*594** **28.10.2016 ൽ മറുപടിയ്ക്ക്**

## റബ്ബർ വില വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. റോഷി അഗസ്റ്റിൻ**
**ശ്രീ. സി.എഫ്.തോമസ്**
**ഡോ. എൻ.ജയരാജ്**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റബ്ബർ വില വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

ബി) റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(ബഹു.കൃഷി വകുപ്പ് മന്ത്രി)**

(എ) & (ബി) റബ്ബർ വിലയിടിവിനു പരിഹാരമായി "റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി " നടപ്പിലാക്കി വരുന്നു. 2016- 17 ബഡ്ജറ്റിൽ പദ്ധതിയ്ക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 285.75 കോടി രൂപ ഇതിനകം കർഷകർക്ക് വിതരണം ചെയ്തു കഴിഞ്ഞു. സ്വാഭാവിക റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണം എന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അഡ്വാൻസ് ലൈസൻസ് ആതറൈസേഷൻ മുഖാന്തരം സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നത് നിർത്തണമെന്നും സ്വാഭാവിക റബ്ബറിന്റെ കയറ്റുമതിയ്ക്ക് സബ്സിഡി നൽകണമെന്നും മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) റബ്ബറിനും കൂടി ബാധകമാക്കണ മെന്നും സംസ്ഥാന സർക്കാർ കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പടെയുള്ള ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടാകാൻ സാധ്യത മുന്നിൽ കണ്ടു കൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**